"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-പറമ്പിക്കുളം ഡിവിഷനു കീഴിൽ സുങ്കം റേഞ്ചിൽ ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കേ അന്തരിച്ച കെ. സുബ്രഹ്മണ്യന്റെ മകൻ ശ്രീ. വിഷ്ണു.എസ്-ന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയ ഉത്തരവ്- റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.22/2024/F&WLD തീയതി, തിരുവനന്തപുരം, 31-05-2024.

---

പരാമർശം:- 1. 08.03.2022 ലെ ജി.ഒ.(എം.എസ്സ്) 10/2022/വനം നമ്പർ ഉത്തരവ്.

2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 01.03.2024 ലെ ഇ6-6103/2022 നമ്പർ കത്ത്.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ പറമ്പിക്കുളം ഡിവിഷനു കീഴിലെ സുങ്കം റേഞ്ചിൽ ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കേ 13.01.2020 ൽ അന്തരിച്ച കെ. സുബ്രഹ്മണ്യന്റെ മകൻ ശ്രീ. വിഷ്ണു.എസ്-ന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം, പാലക്കാട് ജില്ലയിൽ വനം വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത തസ്തികയിൽ ഒഴിവുകൾ ഇല്ലാത്തതിനാൽ ടിയാന് നിയമനം നൽകിയിട്ടില്ലെന്നും, ടിയാൻ സൂപ്പർ ന്യൂമററി വാച്ചറുടെ ആശ്രിതനായതിനാൽ ടിയാന് നിയമനം നൽകുന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്നും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിന് അർഹതയില്ലാത്തതാണ്. വനം വന്യജീവി വകുപ്പിൽ പറമ്പിക്കുളം ഡിവിഷനു കീഴിലെ സുങ്കം റേഞ്ചിൽ ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കേ 13.01.2020 ൽ അന്തരിച്ച കെ. സുബ്രഹ്മണ്യൻ സൂപ്പർ ന്യൂമററി വാച്ചർ ആയിരുന്നു എന്നുള്ള കാര്യം പരാമർശം (1) ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്തു സർക്കാരിന്റെ ശ്രദ്ധയിൽ ഉണ്ടായിരുന്നില്ല. ശ്രീ. വിഷ്ണുവിനെ 4.4.2024 ന അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. കുടുംബത്തിന്റെ ദയനീയ സാഹചര്യം പരിഗണിച്ച് നിയമനം നൽകണം എന്ന് ടിയാൻ അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിന് അർഹതയില്ലാത്തതിനാൽ ശ്രീ. വിഷ്ണു.എസ്-ന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം, പാലക്കാട് ജില്ലയിൽ വനം വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം

നൽകുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സീത എസ് ലക്ഷ്മി

അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ജില്ലാ കളക്ടർ, പാലക്കാട്.

ശ്രീ. വിഷ്ണു.എസ്, സുങ്കം കോളനി, തുണക്കടവ് പി.ഒ, പാലക്കാട് 678 661.(രജിസ്റ്റേർഡ് തപാൽ മടക്കരസീത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
സെക്ഷൻ ഓഫീസർ
Date: 31-05-2024 16:39:13